ഫെബ്രുവരി 2021

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ വായ്പ
കുറഞ്ഞ പലിശ
ഉയർന്ന കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 0487 – 2360259

പുസ്തകം 27
ഫെബ്രുവരി 2021
ലക്കം 2


## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 06 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 07 |
| ഓർമ്മിക്കുക ആചരിക്കുക | 08 |
| മതബോധനവാർത്തകൾ | 09 |
| മരിയനാദം വാർത്തകൾ | 10 |
| കെ.സി.വൈ.എം വാർത്തകൾ | 11 |
| വിൻസെന്റ് ഡി പോൾ വാർത്തകൾ | 12 |
| തിരുനാൾ വാർത്തകൾ | 13 |
| യേശുവേ നന്ദി - കവിത | 14 |
| വിശുദ്ധ പോലികാർപ്പ് | 15 |
| അണയാത്ത സ്നേഹം | 16 |
| ഉണ്ണീശോ - കവിത | 17 |
| അല്പം ചിലന്തിവിശേഷം | 18 |
| കൊടുക്കുവിൻ | 19 |
| എന്റെ കുഞ്ഞുകാറ്റേ - കവിത | 20 |
| യുവത്വം നവകേരള സൃഷ്ടിക്ക് | 21 |
| എനിക്ക് പറ്റിയ അമളി | 23 |
| ഊണിന്റെ മേളം - കവിത | 25 |
| ജീവന്റെ തുടിപ്പുകൾ | 26 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ ഒന്നായി | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |


## പത്രാധിപസമിതി


**ചീഫ് എഡിറ്റർ**
ഫാ. **ജോസഫ് അരാശ്ശേരി** +91 8156896900

**മാനേജിംഗ് എഡിറ്റർ**
ശ്രീ. **കെ.എ.മാത്യു** +91 9388842296

**അഡീഷണൽ മാനേജിംഗ് എഡിറ്റർ**
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 9447031220

**അസോസിയേറ്റഡ് എഡിറ്റേഴ്സ്**
റവ. സി. **റെജിൻ റോസ് CHF** +91 9207552282
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **യേശുദാസ് ടി.എസ്.** +91 9387806657
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 90728632361
ശ്രീ. **സെജിൻ സെബി** +91 9446023663

**എക്സ് ഒഫിഷ്യോ മെമ്പർമാർ**
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. അഡ്വ. **ജോസ് ഡേവിസ്** +91 9961044725
(നടത്തുകൈക്കാരൻ)


**ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം**

**ഞായറാഴ്ചയും സാധാരണ ദിവസങ്ങളിലും**
**6.30 a.m & 5.30 p.m.**

**നടത്തുകൈക്കാരൻ**
ശ്രീ. അഡ്വ. **ജോസ് ഡേവിസ്**
+91 9961044725

**പള്ളി ഓഫീസ് സമയം**

**തിങ്കൾ മുതൽ ശനി വരെ** 7.00 a.m. - 8.30 a.m. / 6.30 p.m. - 8.30 p.m.

**ഞായർ അവധി**

**കപ്യാർ: വിൽസൺ ആളൂർ കൊക്കൻ – +919745844551**

# എഡിറ്റോറിയൽ

## വലിയനോയ്മ്പുകാലം – നവീകരണകാലം

ഈ വർഷം ഫെബ്രുവരി 14 മുതൽ ഏപ്രിൽ നാലാം തീയതി വരെയാണ് കത്തോലിക്കർ വലിയനോയ്മ്പു ആചരിക്കുന്നത്. ആത്മീയ വിശുദ്ധീകരണത്തിനായ് ഈ കാലം നാം ഉപയോഗിക്കുന്നു. ഭൗതീക സുഖങ്ങൾക്കു പുറകേയുള്ള നമ്മളുടെ പരക്കംപാച്ചിലാണ് പല തിന്മകളുടെയും ഉറവിടം. സ്വാർത്ഥ താല്പര്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുമ്പോൾ അന്യരുടെ ബുദ്ധിമുട്ടുകൾ നാം കണ്ടില്ലെന്നു നടിക്കുന്നു. യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൽ തന്നെപ്പോലെ തന്റെ സഹജീവികളെയും സ്നേഹിക്കുവാനും സമാശ്വസിപ്പിക്കാനും നാം കടപ്പെട്ടിരിക്കുന്നു.

വ്യക്തിനവീകരണവും, അതുവഴി കുടുംബനവീകരണവും, ഈ നോയ്മ്പ് കാലത്തെ നമ്മുടെ ലക്ഷ്യമാകട്ടെ. തങ്ങളുടെ പോരായ്മകളും, അത് മറ്റുള്ളവർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകളും നാം വിചിന്തനം ചെയ്യുവാൻ ഈ കാലം ഉപയോഗിക്കാം. അതിന്റെ നാന്ദിയായി ഞാൻ എല്ലാം തികഞ്ഞവൻ എന്ന ധാരണ തിരുത്തുക. എളിമയുടെ നീരുറവ നമ്മിലേയ്ക്കു പ്രവഹിക്കുവാൻ അനുവധിക്കുക. അപ്പോൾ നല്ല നവീകരണ ചിന്തകൾ നമുക്കു മനസ്സിലാകും.

നോയ്മ്പ് എന്നു പറയുന്നത് ഭക്ഷ്യപാനീയങ്ങളുടെ വർജ്യനമോ, സുഖ സൗകര്യങ്ങളുടെ ത്യാഗമോ, മാത്രമല്ല; കാരുണ്യവാനായ ദൈവം നമുക്കു നൽകിയ അനേകം നന്മകൾ സഹജീവികളുമായി പങ്കുവെയ്ക്കാനുള്ള ഒരവസരം കൂടിയാണ്. സ്നേഹിക്കുവാനും, സ്നേഹിക്കപ്പെടുവാനും ഏവരും ആഗ്രഹിക്കുന്നു. അത് പരസ്പരം മനസ്സിലാക്കുമ്പോഴാണ് സമൂഹത്തിൽ ശാന്തിയും സമാധാനവും നടമാടുക.

വ്യക്തിനവീകരണത്തിലൂടെ ആത്മീയ വിശുദ്ധീകരണം കൈവരിക്കാൻ നമ്മൾക്കു ശ്രമിക്കാം. പറയുന്ന അത്ര എളുപ്പമല്ല പ്രാവർത്തികമാക്കാൻ; അതിന് ദൈവകൃപ അനിവാര്യമാണ്. ആത്മാർത്ഥതയോടെ ദൈവസന്നിധിയിൽ നമുക്കു പ്രാർത്ഥിക്കാം. കാരുണ്യവാനായ അവിടുന്ന് നമ്മുടെ പ്രാർത്ഥനകൾ സ്വീകരിച്ച്; നമ്മെ ഏവരേയും നല്ല വ്യക്തികളാകാൻ അനുഗ്രഹിക്കട്ടെ. ഏവർക്കും നോയ്മ്പ്കാല നവീകരണം നേർന്നുകൊണ്ട്...

പത്രാധിപസമിതി

# ഇടയശബ്ദം



സ്നേഹസഹകരണങ്ങൾക്ക് നന്ദി.

കുറവുകൾക്ക് ക്ഷമാപണവും ചോദിച്ച് ഞാൻ മടങ്ങുന്നു. നിങ്ങളിൽ ധാരാളം പേരുടെ മുഖം എന്റെ മനസ്സിൽ തെളിയുമായിരുന്നു. കുറെപ്പേരുടെ മുഖം കൊറോണ അപഹരിച്ചു. ആ മുഖങ്ങൾ ഇപ്പോൾ എന്നിൽനിന്ന് ഏറെ അകന്നിരിക്കുന്നു. മൂന്നു വർ ഷവും ഞാൻ അനുസരിച്ചു. നിങ്ങൾ പറഞ്ഞത് ഞാൻ ചെയ്തു. അതു മാത്രം. നിങ്ങൾ പറഞ്ഞത് നിറവേറി. അതല്ലേ വേണ്ടത്. എന്റെ അധ്വാന കാലം കഴിഞ്ഞു. ആയുധങ്ങൾ ഒതുക്കിവച്ച് ഞാൻ മടങ്ങുന്നു. ഇനി ഒരങ്കത്തിന് ബാല്യം ഇല്ല. നാലു മണിപ്പൂക്കൾ തളർന്ന് ഉറങ്ങാൻ ആരംഭിച്ചു കഴിഞ്ഞു. പടിഞ്ഞാട്ട് പറന്ന പക്ഷികൾ കിഴക്കോ ട്ട് മടങ്ങുന്നു. എനിക്കും പോകേണ്ടത് കിഴക്കോ ട്ടാണ്. ഉഷസിന്റെ ഉദരം തേടി ഞാനും പോകുന്നു.

നിങ്ങൾക്ക് സമൃദ്ധി, സന്തോഷം, സമാധാനം നേരുന്നു. നന്മയുടെ നാമ്പുകൾ നീളട്ടെ, വളരട്ടെ. ഒരായിരം പ്രണാമം അർപ്പിച്ച് വിട.

സ്നേഹപൂർവ്വം
**ജോസഫച്ചൻ**

## നന്ദിയോടെ...



[illegible] 8 [illegible]
[illegible]
[illegible]
[illegible]
[illegible]

---

## ആശംസകളോടെ...



[illegible]
[illegible]
[illegible]
[illegible]



## അരാശ്ശേരി ജോസഫ് അച്ചന്

# മംഗളപത്രം

ദൈവത്തിന്റെ ഉപരി മഹത്വത്തിനും ലോകത്തിന്റെ രക്ഷയ്ക്കും വേണ്ടി എന്ന മുദ്രാവാക്യവുമായി പൗരോഹിത്യത്തിന്റെ പാവന പാതയിലൂടെ അഞ്ചു പതിറ്റാണ്ടുകളോളം പ്രയാണം ചെയ്ത ബഹു. ജോസഫ് അരാശ്ശേരി അച്ചൻ അഭിഷേകത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ത്യാഗപൂർണ്ണവും തനിമയാർന്നതുമായ സേവനങ്ങളുടേയും മാതൃകയാണ്.

പൂമല ഇടവകാംഗമായ ബഹു. അച്ചൻ 1946 മാർച്ച് 20ന് ജനിച്ചു. തിരൂർ സെന്റ് തോമസ് സ്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം തോപ്പ് സെമിനാരിയിലും ആലുവ സെമിനാരിയിലുമായി പൗരോഹിത്യ പരിശീലനം പൂർത്തിയാക്കി. 1972 ഡിസംബർ 18ന് അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലാക്കിയ ജോസഫച്ചൻ പതിയാരം, പറപ്പൂർ, കൽപ്പറമ്പ്, കല്ലൂർ വെസ്റ്റ്, പേരാമംഗലം, കാവീട്, പേരകം, പുറനാട്ടുകര, നടത്തറ, മുണ്ടൂർ, വെണ്ടോർ, ചെങ്ങാലൂർ, മാഞ്ഞൂർ, പുത്തൻപീടിക, മണ്ണുത്തി, കുണ്ടന്നൂർ, മുക്കാട്ടുക്കര, പൊങ്ങണംകാട്, മരിയാപുരം, പഴുവിൽ ഫൊറോന, പുത്തൂർ, അത്താണി, ചെവ്വൂർ, പറവട്ടാന, തലക്കോട്ടുകര, തൊയക്കാവ്, അയ്യന്തോൾ എന്നീ മുപ്പതോളം പള്ളികളിൽ വികാരിയായും ഏഴ് സന്യാസിനി സമൂഹങ്ങളുടെ കപ്പോനായും സേവനം അനുഷ്ഠിച്ചു.

അനന്യമായ സേവനവേദികൾ കണ്ടെത്തിയ ജോസഫച്ചൻ ആത്മാഭിഷേകം നിറഞ്ഞ ധ്യാനപ്രഘോഷകനും സാഹിത്യരചനയിൽ തന്റെ കഴിവു തെളിയിച്ച പ്രതിഭാധനനുമാണ്. 1972-ൽ തിരുപ്പട്ടം സ്വീകരിച്ചതു മുതൽ നിരവധി ഇടവകകളിലും ധ്യാനകേന്ദ്രങ്ങളിലും വചനം പ്രസംഗിച്ച അദ്ദേഹം ആന്തരിക സൗഖ്യധ്യാനം എന്നപേരിൽ വ്യത്യസ്ഥമായ ധ്യാനം നടത്തിയിരുന്നു. ഉണരൂപ്രശോഭിക്കൂ എന്ന തന്റെ ആദ്യ പുസ്തകത്തിന്റെ പ്രകാശനത്തിനുശേഷം വിവിധ വിഷയങ്ങളെ ആസ്പദമാക്കി 22 പുസ്തകങ്ങൾ രചിച്ചിട്ടുള്ള അദ്ദേഹം പള്ളികളുടെയും സ്കൂളുകളുടെയും നിർമ്മാണത്തിലും നവീകരണത്തിലും ശ്രദ്ധ പതിപ്പിക്കുകയും വെണ്ടോർ ഇടവകയിൽ എഫ്.സി.സി. സന്യാസിനി സമൂഹത്തിന് ആരംഭം കുറിക്കുകയും ചെയ്തു. തന്റെ കഴിവും മിഴിവും ഒന്നിച്ചുചേർത്ത് ഒരിക്കലും തളരാത്ത മനസ്സും ഓജസ്സുറ്റ സംഭാഷണവും ചടുലമായ കർമ്മവൈദഗ്ദ്ധ്യവും ഉറച്ച നിലപാടുകളും അനുരഞ്ജന പാടവവും അജപാലന ഔത്സ്യുക്യവും ആത്മാഭിമാനവും ആദർശധീരതയും ഒന്നുചേർന്ന സമാകർഷക വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അരാശ്ശേരിയച്ചൻ.

സകല പ്രവർത്തികളിലും ദൈവമഹത്വവും ലോകത്തിന്റെ നന്മയും ദർശിച്ച ജോസഫച്ചൻ തന്നെ ഏല്പ്പിച്ച എല്ലാ ദൗത്യങ്ങളോടും നൂറുശതമാനം വിശ്വസ്തത പുലർത്തിക്കൊണ്ട് തന്റെ കർമ്മസരണികളിൽ സേവനസുഗന്ധം പരത്തി. അതിരൂപതയിലെ ഇടവകകളുടെയും കുടുംബങ്ങളുടെയും നാനാവിധ വികസനത്തിനും വളർച്ചക്കും അരാശ്ശേരിയച്ചൻ നല്കിയ സംഭാവനകൾ ചരിത്രത്തിന്റെ ഭാഗമായി നിലകൊള്ളും. വ്യക്തിപരമായ നേട്ടങ്ങളേക്കാൾ അതിരൂപതയുടെ വളർച്ചക്കും ദൈവജനത്തിന്റെ നന്മക്കുംവേണ്ടി കഠിനമായി അദ്ധ്വാനിച്ച അരാശ്ശേരിയച്ചന് അതിരൂപത കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

ദൈവകൃപയിൽ നിറഞ്ഞ് വചനം പങ്കുവെച്ച് തന്നെ സമീപിക്കുന്നവർക്കെല്ലാം നല്ലിടയന്റെ സമാശ്വാസവും ആത്മാഭിഷേകവും പകർന്നു നല്കിയ ബഹു. ജോസഫ് അരാശ്ശേരിയച്ചൻ തന്റെ ശുശ്രൂഷകൊണ്ട് അതിരൂപതയെയും വിശ്വാസസമൂഹത്തെയും വളർച്ചയിലേക്ക് നയിക്കുന്നതിൽ പ്രധാനപങ്കുവഹിച്ചിട്ടുണ്ട്. യേശുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിന്റെ തിളക്കമാർന്ന മാതൃക നല്കിയ ബഹു. അരാശ്ശേരിയച്ചന്, തുടർന്നുള്ള ജീവിതവും അനുഗ്രഹദായകമായി തീരട്ടെയെന്ന ആശംസയോടെ, തൃശ്ശൂർ അതിരൂപത ആദരപൂർവ്വം ഈ അംഗീകാരം സമർപ്പിക്കുന്നു.

**മാർ ടോണി നീലങ്കാവിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ആർച്ച്ബിഷപ്സ് ഹൗസ്,
തൃശ്ശൂർ - 03.02.2021

## 20.12.2020 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. വാടകയ്ക്ക് നല്കുന്ന പാരിഷ് ഹാളുകളുടെ Caution deposit തിരികെ നല്കുന്നതിന് മുമ്പ് കെയർടേക്കറിന്റെ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ടെന്ന് നിശ്ചയിച്ചു.
2. ജനുവരിമാസത്തെ പെൻഷൻ നല്കുന്നതിന് അപേക്ഷപ്രകാരം 17,000/- (പതിനേഴായിരം) രൂപ കുടുംബകൂട്ടായ്മ കേന്ദ്രസമിതിക്ക് നല്കാൻ തീരുമാനിച്ചു.
3. കൺസ്ട്രക്ഷൻ ഫണ്ട് അക്കൗണ്ട് അയ്യന്തോൾ സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് 494 ൽ ആരംഭിക്കുവാൻ തീരുമാനമെടുത്തു. ഈ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നത് അതാത് കാലത്തെ കൈക്കാരന്മാരും വികാരിയച്ചനും കൂടിയായിരിക്കും.
4. പുതിയ പാരിഷ് ഹാളിന്റെ മുകളിലെ ജനലുകളിൽ മോസ്കിറ്റോ നെറ്റ് ഫിക്സ് ചെയ്യുവാൻ തീരുമാനിച്ചു.
5. 17.06.2018 ലെ 3-ാം നമ്പ്ര് പ്രതിനിധിയോഗ തീരുമാനം നടപ്പിലാക്കുവാൻ തീരുമാനിച്ചു. ആയതുപ്രകാരം അയ്യന്തോൾ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 494 ൽ ഉള്ള 8,80,000/- രൂപ (എട്ട് ലക്ഷത്തി എൺപതിനായിരം രൂപ) പുതിയതായി ആരംഭിച്ച കൺസ്ട്രക്ഷൻ ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ തീരുമാനിച്ചു.
6. പുതിയ പാരിഷ് ഹാളിന് സെന്റ് ജോസഫ്സ് ഹാൾ എന്നും പഴയ (ചെറിയ) പാരിഷ് ഹാളിന് സെന്റ് മേരീസ് ഹാൾ എന്നും ഷോപ്പിംഗ് കോംപ്ലക്സിന് അസ്സംപ്ഷൻ കോംപ്ലക്സ് എന്നും പേരിട്ടു.
7. പള്ളിയിലേക്ക് ലഭിക്കുന്ന പതവാരത്തിൽനിന്ന് 15% (പതിനഞ്ച്) ഉൾപ്പെടുത്തി മാര്യേജ് ഫണ്ട് അക്കൗണ്ട് അയ്യന്തോൾ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 494 ൽ പുതിയതായി തുടങ്ങുവാൻ (അതിരൂപത നിയമപ്രകാരം) തീരുമാനിച്ചു.

പ്രതിനിധിയോഗം സെക്രട്ടറി

# കുടുംബകൂട്ടായ്മ വാർത്തകൾ

**24.01.2021 ഞായറാഴ്ച ചേർന്ന കുടുംബകൂട്ടായ്മ കേന്ദ്രസമിതി എക്സിക്യൂട്ടീവ് യോഗതീരുമാനങ്ങൾ**

1. കുടുംബപ്രാർത്ഥനയും വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളും ഉൾക്കൊള്ളിച്ചുള്ള ഒരു പുസ്തകം എല്ലാ വീടുകളിലേക്കും വിതരണം ചെയ്യാൻ തീരുമാനിച്ചു. ആയതിന് സ്പോൺസർമാരെ കണ്ടെത്തുവാൻ തീരുമാനിച്ചു.
2. കുടുംബകൂട്ടായ്മകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ അല്പം കൂടി കഴിഞ്ഞിട്ട് മതിയെന്ന് തീരുമാനിച്ചു. കുടുംബകൂട്ടായ്മ ഹൃദയസ്പർശികയാകണമെന്നും, യൂണിറ്റംഗങ്ങൾക്ക് സഹായം ആവശ്യമെങ്കിൽ ചെയ്യണമെന്നും വികാരിയച്ചൻ അഭിപ്രായപ്പെട്ടു.
3. അന്വേഷണകമ്മിറ്റിയിലേക്ക് നിലവിലുള്ള 3 അംഗങ്ങൾ കൂടാതെ കൈക്കാരന്മാരിൽ ഒരാളും, കേന്ദ്രസമിതി കൺവീനറും, പുരുഷ വൈസ് പ്രസിഡന്റിനേയും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.
4. 2021-2022 ലേക്കുള്ള പെൻഷൻ അപേക്ഷകൾ മാർച്ച് മാസത്തിൽ സ്വീകരിക്കുവാൻ തീരുമാനിച്ചു.
5. ലൈബ്രറി പുനർജീവിപ്പിക്കൽ പ്രായോഗികമല്ല.
6. സെന്റ് പീറ്റർ യൂണിറ്റ് പ്രസിഡന്റ് ശ്രീ.ജോസഫ് കാഞ്ഞിരത്തിങ്കൽ പുതിയ ഭവനം നിർമ്മിച്ച് ലിറ്റിൽ ഫ്ളവർ യൂണിറ്റിലേക്ക് താമസം മാറ്റിയതിനാൽ വൈസ് പ്രസിഡന്റായ ശ്രീ.ബൈജു തരുക്കരയെ പ്രസിഡന്റായി സെന്റ് പീറ്റർ യൂണിറ്റ് തെരഞ്ഞെടുത്തത് യോഗം അംഗീകരിച്ചു.

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കൺവീനർ

**മേരി ലാസർ**
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
സെക്രട്ടറി



# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 1.2.2021 | തിങ്കൾ | **വി. ബ്രിജീത്താ** |
| 2.2.2021 | ചൊവ്വ | **കർത്താവിന്റെ ദൈവാലയ പ്രവേശനം** |
| 4.2.2021 | വ്യാഴം | **വി. ജോൺ ബ്രിട്ടോ** |
| 5.2.2021 | വെള്ളി | **മാസാദ്യവെള്ളി** |
| 6.2.2021 | ശനി | **വി. ഗോൺസാലോ ഗാർസിയ** |
| 7.2.2021 | ഞായർ | **ദനഹാ 6–ാം ഞായർ** |
| 9.2.2021 | ചൊവ്വ | **അപ്പോളോണിയ** |
| 11.2.2021 | വ്യാഴം | **ലൂർദ്ദ് മാതാവ് (രോഗീദിനം)** |
| 12.2.2021 | വെള്ളി | **വി. ബനഡിക്റ്റ്** |
| 14.2.2021 | ഞായർ | **നോമ്പ് ഒന്നാം ഞായർ** |
| 15.2.2021 | തിങ്കൾ | **വിഭൂതി നോമ്പാരംഭം** |
| 17.2.2021 | ബുധൻ | **വി. മേരി ദാസന്മാർ** |
| 18.2.2021 | വ്യാഴം | **വി. ശെമയോൻ** |
| 21.2.2021 | ഞായർ | **നോമ്പ് രണ്ടാം ഞായർ** |
| 23.2.2021 | ശനി | **വി. പോലിക്കാർപ്പ്** |
| 25.2.2021 | വ്യാഴം | **വാഴ്ത്തപ്പെട്ട സി. റാണി മരിയ** |
| 28.2.2021 | ഞായർ | **നോമ്പ് മൂന്നാം ഞായർ** |

18th Death Anniversary

13.02.2021



*Thanikkal Varghese*

Thanikkal House

Panchikkal, Ayyanthole

*With Loving Memory*

Rosy Varghese, Salu Varghese

Bose Varghese, Smitha Varghese

5-ാം ചരമവാർഷികം
25.02.2021



അക്കരെപട്ട്യേക്കൽ കൊച്ചാപ്പു മകൻ

# അന്തപ്പൻ

ദൈവസന്നിധിയിൽ നിന്ന് : 06. 03. 1931
ദൈവസന്നിധിയിലേക്ക് : 25. 02. 2016

സ്നേഹസ്മരണകളോടെ...
കുടുംബാംഗങ്ങൾ

# Baptized in Christ

03.01.2021





**Eric George Joyal**

S/o. Mrs. Neethu Joyal
Mr. Joyal George
Kaiparambil House
Ayyanthole



Little Flower Unit










GRANARY
events & caterers
Elthuruth, Thrissur
Karyattukara P.O., Elthuruth, Thrissur
Ph: 8589987987, 7034706000
email: granarytcr@gmail.com

Jaraco
EVENT MANAGEMENT
Elthuruth, Thrissur
Karyattukara P.O., Elthuruth, Thrissur
Ph: 8589987987, 7034706000
email: jaracoevents@gmail.com

# മതബോധനവാർത്തകൾ

പ്രിയ മതബോധനവിദ്യാർത്ഥികളെ, മതാദ്ധ്യാപകരെ, മാതാപിതാക്കളെ,

പുതുവർഷത്തെ നിങ്ങൾ ആദരവോടെ വരവേറ്റുകാണും. ഒരുപാട് പുതിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ടാകും. നന്നായി പ്രാർത്ഥിക്കാൻ, നന്നായി പഠിക്കുവാൻ, നല്ല മക്കളായി വളരുവാൻ അങ്ങനെ നീണ്ടുപോകുന്നു പുതിയ തീരുമാനങ്ങൾ. എന്നാൽ "നാളെ മുതൽ ആകാം" എന്ന് ചിന്തിച്ച് തീരുമാനങ്ങൾ നീട്ടിവെയ്ക്കും. പഴമക്കാർ പറയുന്നതുപോലെ എല്ലാം "നാളെ നാളെ നീളെ നീളെ" ആകും. അത്തരം ഒരു അവസ്ഥ നിങ്ങൾക്ക് ഉണ്ടാകരുത്.

ജനുവരി 6 മുതൽ 12 വരെ സീറോ മലബാർസഭ പ്രേഷിതവാരമായി ആഘോഷിച്ചു. "മിഷനെ അറിയുക, മിഷനറിയാവുക". നമുക്കും മിഷനറിമാരാകാം. പുത്തൻ തീരുമാനങ്ങളുമായി ദൈവത്തിന്റെ വിളി സ്വീകരിച്ച് നിങ്ങളും മിഷൻരംഗത്തേയ്ക്ക് കടന്നുവരണം."എല്ലാവരും സോദരർ" എന്ന തന്റെ പുതിയ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല" എന്ന്. മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യഅത്താഴസമയത്ത് ശിഷ്യന്മാർക്ക് നൽകുന്നുണ്ട്. "നിങ്ങൾ പരസ്പരം സ്നേഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് ലോകം അറിയും''. ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും, പ്രേഷിതറാണിയായ പരി. അമ്മയുടെയും, പ്രേഷിത താതൻ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥവും നാമോരോരുത്തരെയും സഹായിക്കട്ടെ.

വി. സെബസ്റ്റ്യാനോസിന്റെ തിരുനാൾ എല്ലാവരും ആഘോഷിച്ചു കാണുമെന്ന് വിശ്വസിക്കട്ടെ. "കോവിഡ് 19" മഹാമാരിയിൽ നിന്നുള്ള സംരക്ഷണവും, രോഗമുക്തിയും, രോഗവ്യാപനം തടയുന്നതിനും പകർച്ചവ്യാധികളുടെ മദ്ധ്യസ്ഥനായ വിശുദ്ധനോട് നാം നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. തീർച്ചയായും നിങ്ങ

ളുടെ പ്രാർത്ഥന കേൾക്കാതിരിക്കില്ല.

ഫെബ്രുവരി മാസം വാർഷിക പരീക്ഷയുടെ മാസമാണ്. നമ്മുടെ മത്സരങ്ങൾ എല്ലാം അവസാനിച്ചു. മത്സരത്തിൽ വിജയികളായ എല്ലാവരേയും ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. പങ്കെടുത്ത് സഹകരിച്ച എല്ലാവർക്കും നന്ദിപറയുന്നു. വാർഷിക പ്രോഗ്രാം അനുസരിച്ച് വാർഷിക പരീക്ഷകളുടെ “Times Table” നിങ്ങൾ കണ്ടുകാണും. “Mode of Examination” അറിഞ്ഞു കാണും. “Question Paper” മുൻവർഷങ്ങളിലെപോലെ തന്നെയായിരിക്കും. ഒറ്റവാക്കിൽ ഉത്തരമെഴുതുന്നതായിരിക്കുകയില്ല. അതുകൊണ്ടുതന്നെ പാഠഭാഗങ്ങൾ എല്ലാം നന്നായി പഠിച്ചൊരുങ്ങണം. മാതാപിതാക്കൾ നിങ്ങളുടെ സഹായത്തിന് ഉണ്ടായിരിക്കുമല്ലോ. മതബോധനപരീക്ഷകളുടെ അവസാനത്തോടെ അക്കാദമിക്തലത്തിലുള്ള പരീക്ഷകളും, Entrance Exams ഉം തുടങ്ങും. എല്ലാ പരീക്ഷകളും നന്നായി പഠിച്ചൊരുങ്ങി എഴുതണം. ആത്മാവിന്റെ വരദാനങ്ങൾക്കായി നന്നായി പ്രാർത്ഥിക്കണം. തീർച്ചയായും ഉന്നതവിജയം കരസ്ഥമാക്കുവാൻ കഴിയും.

ഫെബ്രുവരി 14ന് അമ്പതുനോമ്പ് ആരംഭിക്കും. നോമ്പുകാലം പ്രാർത്ഥനയുടെയും, ഉപവാസത്തിന്റെയും, പ്രായശ്ചിത്തപ്രവർത്തികളുടെയും, പരസ്നേഹത്തിന്റെയും, മാനസാന്തരത്തിന്റെയും, മതപരിവർത്തനത്തിന്റെയും കാലഘട്ടമാണ്. എല്ലാദിവസവും വി.കുർബാനയിൽ സജീവമായി പങ്കെടുക്കണം. നോമ്പെടുത്ത് പുണ്യപ്രവർത്തികൾ ചെയ്യണം. കർത്താവിന്റെ ഉത്ഥാനതിരുനാളിനായി നന്നായി ഒരുങ്ങണം. ഹൃദയത്തിലെ ഈശോയുടെ സാന്നിദ്ധ്യം നന്നായി ജീവിക്കുവാൻ ശക്തിയും പ്രചോദനവും നിങ്ങൾക്ക് ഓരോരുത്തർക്കും നൽകട്ടെ. എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

**ബിൽസി ഫ്രാൻസീസ്**
പ്രിൻസിപ്പാൾ

## മരിയനാദം വാർത്തകൾ

മരിയനാദത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ജിതിൻ ജോജു, സെജിൻ സെബി എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിച്ചു.

പത്രാധിപസമിതി

## [illegible]

## [illegible] KCYM യൂണിറ്റ് പുതിയ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ 2021 - 2022



[illegible]
പ്രസിഡന്റ്



[illegible]
വൈസ് പ്രസിഡന്റ്



[illegible]
വൈസ് പ്രസിഡന്റ്



[illegible]
സെക്രട്ടറി



[illegible]
ജോ. സെക്രട്ടറി



[illegible]
ജോ. സെക്രട്ടറി



[illegible]
ട്രഷറർ



[illegible]
[illegible]



[illegible]
[illegible]

# വിൻസെന്റ് ഡി പോൾ വാർത്തകൾ



വിൻസെന്റ് ഡി പോൾ സെന്റ് മേരീസ് കോൺഫറൻസ് സെക്രട്ടറിയും തൃശ്ശൂർ വെസ്റ്റ് ഏരിയ കൗൺസിൽ സെക്രട്ടറിയുമായ ബ്ര.കെ.എൽ. ആന്റണിയെ തൃശ്ശൂർ വെസ്റ്റ് ഏരിയ കൗൺസിൽ പ്രസിഡന്റായി ഐക്യകണ്ഠേനെ തെരഞ്ഞെടുത്തതിൽ അതിയായ സന്തോഷവും ആശംസകളും നേരുന്നു. 35 വർഷം നിസ്വാർത്ഥ സേവനമനുഷ്ഠിച്ച അദ്ദേഹം ഈ കോൺഫറൻസിന്റെ പ്രസിഡന്റായി മൂന്ന് തവണയും സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങൾ രണ്ടു തവണയും അലങ്കരിച്ചിട്ടുണ്ട്.

സെന്റ് അൽഫോൻസ വനിത കോൺഫറൻസ് പ്രസിഡന്റ് സി.ജോർളിൻ ജോഷിയെ തൃശ്ശൂർ സെന്ററൽ കൗൺസിൽ വനിത കൺവീനറായും സി.സ്റ്റെല്ലാ ജെയ്സൺ വനിത പ്രതിനിധിയായും തെരഞ്ഞെടുത്തു. ഇവർക്ക് പ്രത്യേകം അനുമോദനങ്ങളും ആശംസകളും നേരുന്നു.

ഏറെ അഭിമാനം നൽകുന്ന ഈ പുതിയ നിയമനങ്ങൾ നൽകിയ ദൈവത്തോട് നന്ദി പറയുന്നു.

**ജേക്കബ് തോലത്ത്**
പ്രസിഡന്റ്, സെന്റ് മേരീസ് കോൺഫറൻസ്

# അറിയിപ്പ്

1. പാരിഷ് ബുള്ളറ്റിനേക്കുള്ള കലാസാഹിത്യസൃഷ്ടികൾ എല്ലാമാസവും 10-ാം തിയ്യതിക്ക് മുമ്പായി ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.

2. പരസ്യങ്ങൾ, വിവാഹ ഫോട്ടോകൾ, വാർഷിക ഫോട്ടോകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനായി ഫിനാൻസ് കമ്മിറ്റിയംഗങ്ങളെ ഏല്പിക്കുക.

3. ബുള്ളറ്റിനിലൂടെ ഇടവകയിലെ ഓരോ ദിവസത്തിന്റെയും പ്രാധാന്യം, സംഘടനകളുടെ പ്രവർത്തനങ്ങൾ, സഭയുടെ നിലപാട്, കുടുംബകൂട്ടായ്മ പ്രവർത്തനം, കൂട്ടായ്മ യോഗങ്ങളുടെ സമയക്രമങ്ങൾ എന്നിവയും പ്രസിദ്ധീകരിക്കുന്നതിനായി ഏവരുടേയും നിസ്വാർത്ഥമായ സഹായസഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

പത്രാധിപസമിതി

# തിരുനാൾ വാർത്തകൾ

## നന്ദി...

സ്നേഹ ബഹു. വികാരിയച്ചാ, ഇടവകാംഗങ്ങളെ,

'കോവിഡ് 19' എന്ന മഹാമാരിയുടെ മാനദണ്ഡങ്ങളെല്ലാം പാലിച്ചു കൊണ്ട് 2021 ജനുവരി 24ന് കൊടികയറ്റം മുതൽ തിരുനാളിന്റെ പ്രധാന ദിവസങ്ങളായ 30, 31, ഫെബ്രുവരി 1, 7 തീയ്യതികളിൽ വി. സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ ഭക്തി പുരസ്സരം നടത്തുവാനുള്ള ദൈവാനുഗ്രഹം നൽകിയതിനും എല്ലാ പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയ ബഹു. വികാരി ജോസഫ് അരാശ്ശേരി അച്ചന് ആദ്യമെ നന്ദി അറിയിക്കുന്നു. കൂടാതെ കൈക്കാരന്മാർ, തിരുനാൾ കൊടികയറ്റം മുതലുള്ള എല്ലാ തിരുകർമ്മങ്ങളും ഏറ്റെടുത്ത് സഹകരിച്ച സ്പോൺസർമാർ, പ്രസുദേന്തിമാർ, അൾത്താര, പള്ളിയകം മുതലായവ അലങ്കരിക്കാൻ, ലിറ്റർജിയിൽ സഹകരിച്ച നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ ഉൾപ്പെടെയുള്ള എല്ലാ ബഹു. സിസ്റ്റേഴ്സിനും, കമ്മറ്റിയംഗങ്ങൾ, CLC സംഘടനാംഗങ്ങൾ, നേർച്ചകിറ്റ് ഒരുക്കുവാനും അത് സമയബന്ധിതമായി എല്ലാ ഭവനങ്ങളിലും എത്തിച്ച യൂണിറ്റ് ഭാരവാഹികൾക്കും, കമ്മറ്റിയംഗങ്ങൾക്കും കൂടാതെ സമയത്തിനു തന്നെ യൂണിറ്റുകളിൽ നിന്നും അമ്പുപ്രദക്ഷിണങ്ങളെല്ലാം ഭക്തിപുരസ്സരം ദൈവാലയത്തിൽ എത്തിക്കുവാൻ പരിശ്രമിച്ച എല്ലാ അമ്പുകമ്മറ്റിയംഗങ്ങൾക്കും, ആദ്യമായി ഇടവകയിലെ എല്ലാ ഭവന കൂട്ടായ്മകളിലെയും പ്രധാന വീഥികളിലൂടെ വാഹനത്തിൽ തിരുസ്വരൂപങ്ങൾ അലങ്കരിച്ചുകൊണ്ട് നടത്തിയ പ്രദക്ഷിണത്തിനും അതിൽ പങ്കെടുത്ത ഇടവകാംഗങ്ങൾക്കും, ബുക്ക്ലെറ്റിൽ പരസ്യങ്ങൾ തന്ന് സഹകരിച്ച എല്ലാ മാന്യസുഹൃത്തുക്കൾക്കും, ദീപാലങ്കാരം, പുഷ്പാലങ്കാരം, വെടിക്കെട്ട് എന്നിവ നടത്താൻ സഹായിച്ചവർക്കും ഏതു പ്രതിസന്ധി കാലഘട്ടത്തിലും ഇടവകാംഗങ്ങളെല്ലാം ഒന്നാണെന്ന ചിന്തയോടെ അധ്വാനം കൊണ്ടും സാമ്പത്തികമായും സഹകരിച്ച എല്ലാവർക്കും തിരുനാൾ മോടിയോടെയും ഭക്തിപുരസ്സരവും നടത്താൻ ഞങ്ങൾക്ക് ഒപ്പം നിന്ന എല്ലാ കൺവീനർമാർക്കും അകമഴിഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നതൊടൊപ്പം ഞങ്ങളെ ഇതിന് പ്രാപ്തമാക്കിയ സർവ്വശക്തനായ ദൈവത്തോടും നന്ദി പറയുന്നു.

എന്ന്,

ഫിനാൻസ് കൺവീനർ
**ജോസഫ് രാജു അക്കര**

ജനറൽ കൺവീനർ
**ഫ്രാൻസിസ് അറങ്ങാശ്ശേരി**

# യേശുവേ നന്ദി



പാവനനാം ഉണ്ണീശോയെ
പാരിതിലെ ആശ്രയമെ
പാപികളാം ഞങ്ങൾക്കായ് നീ
പാരിടത്തിൽ ജാതനായി
പാവനനാം ഉണ്ണി ഈശോയെ
പാരിതിലെ ആശ്രയമെ

ലോകത്തിലെ പീഡകളും
പരലോകത്തിലെ ആനന്ദവും
എല്ലാം എല്ലാം നിൻ കൈകളിൽ
കാരുണ്യവും നിൻ തൃപ്പാദെ...

നിൻ മക്കളാം ഞങ്ങളെ നീ
കൈവിടല്ലെ ഉണ്ണീശോയെ
പാപികളാം ഞങ്ങൾക്കായ് നിൻ
തിരുരക്തത്താൽ രക്ഷയേകി

ആദിയിലും അനാദിയിലും
എൻ അഭയം നിന്നരുകിൽ
ആശ്രയിക്കാൻ കൃപയേകിടു
ഉണ്ണീശോയെ എന്നീശോയെ
പാവനനാം ഉണ്ണീശോയെ
പാരിതിലെ ആശ്രയമെ

**ശോഭന ആന്റോ**
ഹോളി ട്രിനിറ്റി യൂണിറ്റ്



## അഭിനന്ദനങ്ങൾ...

# വിശുദ്ധ പോലികാർപ്പ്

ഡെയ്സി അന്തപ്പൻ
സെന്റ് മേരീസ് യൂണിറ്റ്

**ഫെബ്രുവരി 23**

യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്ന വി.പോലികാർപ്പ് തുർക്കിയിലെ ബിഷപ്പായിരുന്നു. അന്ത്യോക്യായിലെ വി.ഇഗ്നേഷ്യസ്. ലിയോൺസിലെ വി. ഇറനേവൂസ് തുടങ്ങിയവർ വിശുദ്ധന്റെ അടിയുറച്ച ദൈവവിശ്വാസത്തെ അത്ഭുതത്തോടെ വിവരിക്കുന്നുണ്ട്. മതമർദ്ദനകാലഘട്ടത്തിൽ മരണത്തിന്റെ മുമ്പിൽ നിന്നോടിപ്പോകാതെ ശാന്തനായി രക്തസാക്ഷിത്വം സ്വീകരിച്ച വി.പോലികാർപ്പ് ഒരു മണിക്കൂർ പ്രാർത്ഥിച്ചുകൊണ്ടാണ് മരണം വരിച്ചത്. യേശുവിനെ തള്ളിപ്പറയാനുള്ള ഭീഷണികളും പലവിധ വാഗ്ദാനങ്ങളും സന്തോഷത്തോടെ നിരസിച്ചുകൊണ്ട് വിശുദ്ധൻ പറഞ്ഞു. കഴിഞ്ഞ 86 വർഷമായി ഞാൻ യേശുവിന്റെ സേവകനാണ്. എനിക്ക് നല്ലതല്ലാത്തതൊന്നും അവൻ എന്നോട് ചെയ്തിട്ടില്ല. രക്ഷകനായ എന്റെ രാജാവിനെ ഞാനെങ്ങനെ തള്ളിപ്പറയും. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. വിശുദ്ധനെ സിംഹത്തിന്റെ മുന്നിലേക്കിട്ടുകൊടുക്കാൻ ആവശ്യപ്പെട്ട ജനം അൽപ്പം കഴിഞ്ഞപ്പോൾ കത്തിച്ചുകളയണമെന്ന് ആക്രോശിച്ചു. ശരീരം കൂട്ടിക്കെട്ടി വാളുകൊണ്ട് വെട്ടിക്കൊന്ന് വിശുദ്ധനെ പരസ്യമായി കത്തിച്ചു. പിന്നീട് അനുയായികൾ വിശുദ്ധന്റെ അസ്ഥികൾ പെറുക്കിക്കൂട്ടി സംസ്കരിച്ചു. അപ്പസ്തോലന്മാർക്കും ആദ്യത്തെ സഭാപിതാക്കന്മാർക്കും ഇടയിലുള്ള വലിയൊരു കണ്ണിയാണ് വിശുദ്ധ പോലികാർപ്പ്!



അഭിനന്ദനങ്ങൾ...



# അണയാത്ത സ്നേഹം

**ആത്മിക ഇ.ജെ.**
ക്ലാസ് 3 ബി

മൂന്നാം ക്ലാസിലെ അന്നയും, മാർഗരറ്റും ഉറ്റ സുഹൃത്തുക്കളായിരുന്നു. ഒരു കുന്നിൻപുറത്താണ് ഓട്ടോറിക്ഷ ഓടിക്കുന്ന അന്നയുടെ അപ്പൻ വീട് വച്ചത്. ഗൾഫിൽ എഞ്ചിനീയറായിരുന്ന മാർഗരിറ്റിന്റെ ബംഗ്ലാവ് താഴെ മെയിൻ റോഡിനോട് ചേർന്നായിരുന്നു. മാർഗരറ്റും വീട്ടുകാരും എന്നും രാത്രി ടൗണിൽ ചുറ്റിയടിക്കാൻ കാറിൽ സഞ്ചരിക്കുമ്പോൾ അന്നയുടെ വീട്ടിൽ മെഴുകുതിരി തെളിച്ച് പ്രാർത്ഥന ചൊല്ലുന്ന കാഴ്ച മാർഗരറ്റ് പുച്ഛത്തോടെ കാണാറുണ്ട്. ഓരോ ദിവസവും ക്ലാസിൽ വരുമ്പോൾ ടൗണിലെ താൻ കണ്ടകാഴ്ചകളും സിനിമാക്കഥകളും മാർഗരറ്റ് തന്റെ കേൾവിക്കാരുടെ മുമ്പിൽ അവതരിപ്പിക്കും. അന്ന ഇതിലൊന്നും ശ്രദ്ധിക്കാതെ മാറിയിരിക്കും. ഗൾഫിൽ നിന്നും ഡാഡികൊണ്ടുവരുന്ന മിഠായിയും പെൻസിലും തന്റെ ആരാധകർക്ക് മാർഗരറ്റ് പങ്കുവെയ്ക്കും. അന്നയെ കുറ്റപ്പെടുത്താനും പുച്ഛിക്കാനും അവൾ അവസരം നോക്കിനടന്നു. ഒരിക്കൽ കോപ്പിയടിച്ചെന്നും പറഞ്ഞ് ടീച്ചറുടെ കയ്യിൽ നിന്നും അടി കിട്ടേണ്ടിവന്നു അന്നക്ക് പിന്നീടൊരിക്കൽ തന്റെ മെയ്ക്കപ്പ് ബോക്സ് താഴെ വീണ് പൊട്ടിയതിനും അന്നയെ ഉത്തരവാദിയാക്കി. പാവം അന്ന അമ്മയോടല്ലാതെ തന്റെ വേദനകൾ ആരോട് പറയും? അമ്മ ഈശോയു‌ടെ മുമ്പിൽ മുട്ടുകുത്തിനിർത്തി കുഞ്ഞിന്റെ സങ്കടമെല്ലാം ഏല്പിച്ചുകൊടുത്തു. മാതാവിന് കുഞ്ഞുമകളെ സമർപ്പിച്ചു.

ദിവസങ്ങൾ കടന്നുപോയി. ആരും പ്രതീക്ഷിക്കാതിരിക്കേയാണല്ലോ നാടിനെ പിടിച്ചു കുലുക്കിയ 2018ലെ വെള്ളപ്പൊക്കം. തങ്ങൾ സുരക്ഷിതരാണെന്നുകരുതി ഉറങ്ങിയവരെല്ലാം കണ്ണുതുറന്നപ്പോൾ ഇരമ്പിക്കയറിവരുന്ന മലവെള്ളം കണ്ട് അന്തിച്ചുനിന്നു. മാർഗരറ്റിന്റെ വീട്ടിലും


20-ാം ചരമവാർഷികം
24.02.2021
കുരുതുകുളങ്ങര കുള ജോസഫ് മകൻ
ഇട്ട്യേച്ചൻ
ജനനം : 22.06.1931
മരണം : 24.02.2001

# WEDDING

## Fredy

S/o. Mrs. Lovely Jose &
Mr. Jose P David
Padikkala House, Civil Lanes road,
Westfort, Thrissur

## Aquila

D/o. Mrs. Marina Thomas &
Mr.Thomas.K.P
Karerakattil house , PO Ayyanthole
Thrissur





# Wedding



**DELVIN**

S/o. Mrs.Valsa Vinson &
Mr.Vinson C A
Chittilappilly house,
Ponnore, Thrissur

**DHANIYA**

D/o. Mrs.Marina Thomas
& Mr.Thomas.K.P
Karerakattil house, PO
Ayyanthole, Thrissur



# 1-ാം ചരമവാർഷികം

28.02.2021





## തേയ്ക്കാനത്ത് കൊച്ചാപ്പു മകൻ

# റപ്പായി

ജനനം : 11.07.1952
മരണം : 28.02.2020

ഇതുതന്നെ സംഭവിച്ചു. മുറി നിറയെ വെള്ളം. എല്ലാം എല്ലാം ഒഴുകി നടക്കുന്നു. ഓടി അവർ മുകളിലെ നിലയിലേക്ക്. എന്തു ചെയ്യണമെന്ന റിയാതെ അമ്മയും മക്കളും. അങ്ങ് ദൂരെ കുന്നിൻമുകളിൽ അപ്പോഴും അണയാത്ത മെഴുകുതിരി വെട്ടത്തിൽ പ്രാർത്ഥിക്കുന്ന ഡ്രൈവറും കുടുംബവും!. മാർഗരറ്റ് ഓടിപ്പോയി നനഞ്ഞ ബൈബിൾ എടുത്തു തുറന്നു വായിച്ചു. മർക്കോ 11/25ൽ ഇപ്രകാരം എഴുതിയിരിക്കുന്നു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. പരിശുദ്ധാത്മ ശക്തി അവരിലേക്കൊഴുകി. അവർ ഇങ്ങനെ ശ്രവിക്കാൻ തുടങ്ങി; ഞാൻ സകല മർത്യരുടെയും ദൈവമായ കർത്താവല്ലെ. എനിക്കസാധ്യമായി എന്തെങ്കിലുമുണ്ടോ? ഇത് അവരെ ധൈര്യപ്പെടുത്തി. തുടർന്ന് അവർ കണ്ടകാഴ്ച അന്നയുടെ പിതാവ് അവരെ കൊണ്ടുപോകാൻ വന്നിരിക്കുന്നു, ഒരു ദൈവദൂതനെപ്പോലെ. ഉള്ള ഭക്ഷണം എല്ലാവരും ചേർന്ന് രുചിയോടെ ഭക്ഷിച്ചു. യഥാർത്ഥസ്നേഹം മനസ്സിലാക്കിയ മാർഗരറ്റ് കൂട്ടുകാരിയെ പുണർന്നു. പിന്നീടവർ പിരിയാത്ത കൂട്ടുകാരായി. അവരുടെ അണയാത്ത സ്നേഹം എല്ലാവരിലേക്കും പകരാനായി കുഞ്ഞുമാലാഖമാരെപ്പോലെ ഓടിനടന്നു.

## ഉണ്ണീശോ

**കവിത**

ഉണ്ണീശോയെ എന്റെ ഉണ്ണീശോയെ
എന്റെ ഹൃദയത്തിൽ വാഴുന്ന ഉണ്ണീശോയെ
എന്റെ സ്വന്തം ഉണ്ണീശോയെ
എന്റെ ദൈവപുത്രനാം ഉണ്ണീശോയെ

ഞങ്ങളുടെ പാപങ്ങൾ അകറ്റുന്ന ഉണ്ണീശോയെ
എന്നെ കാക്കുന്ന ഉണ്ണീശോയെ
എന്റെ കൂട്ടുകാരനാം ഉണ്ണീശോയെ
എന്റെ പൊന്നുണ്ണീശോയെ ഉണ്ണീശോയെ

ഞങ്ങളുടെ പാപത്തിനുവേണ്ടി മരിച്ച ഉണ്ണീശോയെ
നന്ദി നന്ദി ഉണ്ണീശോയെ
സ്തുതികളായിരം സ്തോത്രങ്ങളായിരം
എന്റെ പൊന്നുണ്ണീശോയ്ക്ക്

**ജെർമിയൻ മരിയ ജോയ്**
സെന്റ് ജോസഫ്

# അല്പം ചിലന്തിവിശേഷം

ഗ്രേയ്സി ജോണി
സെന്റ് തോമാസ് യൂണിറ്റ്

മാംസഭുക്കുകളാണ് ചിലന്തികൾ. 30000 തരം ചിലന്തികൾ ഭൂമിയിലുണ്ടത്രേ. ഇവയിൽ വലകെട്ടിയും, ഓടിച്ചിട്ടു ഇരയെ പിടിക്കുന്നവയുമുണ്ട്. ജീവനുള്ള പ്രാണികളാണിവയുടെ ഭക്ഷണം, എന്നതിനാൽ തന്നെ ശല്യക്കാരായ കീടങ്ങളെ നിയന്ത്രിക്കുന്നത് നമുക്ക് സഹായകരമാണല്ലോ.

നമുക്ക് പരിചിതമായ ചില ഇനങ്ങളാണ് ഇരട്ടവാലൻ, നീളൻ കാലൻ, കർക്കിടക ചിലന്തി, ചാട്ടക്കാരൻ, സീബ്രാ ഇനം, ചക്രവല, കുഴൽ ചെന്നായ തുടങ്ങിയവ.

എട്ടുകാലികളുടെ വല നിർമ്മാണം പ്രസിദ്ധമാണല്ലോ. ഓരോ ജാതിയുടെയും വല നിർമ്മാണം വ്യത്യസ്തമാണ്. ഉടലിന്റെ പിന്നിലെ എട്ട് അവയവങ്ങളിൽ നിന്നും കുഴൽപോലുള്ള ഭാഗത്തുകൂടി ഉദരത്തിനുള്ളിലെ ഗ്രന്ഥിയിൽനിന്നും വരുന്ന സ്രവം നേരിയ നൂലുകളായി മാറുന്നു. ഒരു മില്ലീമീറ്ററിന്റെ 10 ലക്ഷത്തിൽ 3 കട്ടിയേ ഈ നൂലുകൾക്കുള്ളൂ. ഒരു മണിക്കൂർ മതി ഒരു വല നിർമ്മാണത്തിന്. പിന്നെ മദ്ധ്യത്തിൽ ഇരുപ്പാണ്. വല പൊട്ടിയാൽ താൻ തന്നെ അത് തിന്നോളും. വീണ്ടു വലകെട്ടാൻ ഇതിനെ രാസമാറ്റം നടത്തും. ഈ നൂലുകളുടെ ബലം ഇതിനൊപ്പമുള്ള സ്റ്റീൽ നൂലിന്റെ അഞ്ചിരട്ടിയാണ്. ഈ ഗ്രന്ഥികളിലെ രാസവസ്തുക്കൾ ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി. എങ്കിലും ഈ നൂലുണ്ടാക്കാനുള്ള വിദ്യ അവർക്കറിയില്ല. അത് ചിലന്തിക്കുമാത്രം. ബോംബ് പ്രൂഫ് ജാക്കറ്റ് ഇതുകൊണ്ട് നിർമ്മിക്കാമെന്നു അവർ അഭിപ്രായപ്പെടുന്നു. ചിലന്തിയിൽനിന്നും ഈ നൂല് കിട്ടണമെന്ന് മാത്രം. പ്രാണികൾ വലയിൽ ഒട്ടിപ്പിടിച്ചാലും ഈ ജീവികൾ അതിൽ ഒട്ടിപ്പിടിക്കാത്തതെന്താണ്, പശയുള്ളതും പശയില്ലാത്തതുമായ നൂലുകൾ ആ വലയിലുണ്ട്. അത് അതിന്റെ നിർമ്മാതാവിനെ അറിയൂ. അവർ പശയില്ലാത്ത നൂലിലൂടെ മാത്രം നടക്കുകയുള്ളൂ.

ഇനി മറ്റൊരു രസം – മുട്ടയിടാനായി ഉറയുണ്ടാക്കുന്നതും ഈ നൂലുകൊണ്ട് തന്നെ. ഈ വലിയ ഉറകൾ വയറിനടിയിലോ, തലയിലോ ചുമന്നു നടക്കും. കുഞ്ഞു വിരിഞ്ഞാൽ അവരും വല ഉണ്ടാക്കാൻ പഠിക്കും. പിന്നെ പാരച്ചൂട്ടിൽ നടക്കുംപോലെ ഈ കുഞ്ഞു ചിലന്തികൾ തൂങ്ങി പറക്കാൻ തുടങ്ങും. ഇങ്ങനെ പോകുന്നു ചിലന്തി വിശേഷങ്ങൾ.

# "കൊടുക്കുവിൻ"

**മേഴ്സി ജെസിൻ്റോ**
സെൻ്റ് തോമസ് യൂണിറ്റ്

ഈശോയുടെ കുഞ്ഞുമക്കേളേ....

മരണം എന്ന് കേൾക്കുമ്പോൾ നമുക്കെല്ലാവർക്കും ഭയമാണ്. എന്നാൽ ജീവിക്കാനുള്ള ഇച്ഛാശക്തി എല്ലാ ആരോഗ്യപ്രശ്നങ്ങളേയും മറികടക്കും.

കൊച്ചുകൂട്ടുകാരെ, ഇതാ ഒരു സംഭവകഥ. റോക്ക് ഫെല്ലർ എന്ന അമേരിക്കക്കാരന് തന്റെ 53-ാമത്തെ വയസ്സിൽ രോഗം പിടിപെട്ടു. ഇനി കൂടിയാൽ 3 മാസമേ ഉള്ളൂ എന്ന് ഡോക്ടർമാർ വിധി പ്രസ്താവിച്ചു. ഗത്യന്തരമില്ലാതെ, കൗതുകത്തിന്റെ പേരിൽ അദ്ദേഹം ബൈബിൾ തുറന്നപ്പോൾ കണ്ടത് ലൂക്ക 6:38 ആണ്. "കൊടുക്കുവിൻ നിങ്ങൾക്ക് കിട്ടും." എന്ന ആഹ്വാനം ഒന്ന് പരീക്ഷിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. അങ്ങനെയാണ് റോക്ക് ഫെല്ലർ ഫൗണ്ടേഷൻ സ്ഥാപിതമായത്. തന്റെ സ്വത്തിന്റെ സിംഹഭാഗവും വിദ്യാഭ്യാസ-ഗവേഷണ-ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി അദ്ദേഹം വിട്ടുകൊടുത്തു. അദ്ദേഹം താമസിയാതെ രോഗവിമുക്തനായി, എന്നു മാത്രമല്ല 50 കൊല്ലംകൂടി അദ്ദേഹം ജീവിക്കുകയും ചെയ്തു.

എടുക്കുമ്പോഴല്ല കൊടുക്കുമ്പോഴാണ് ജീവിതം ധന്യമാവുക. ഉള്ളത് പങ്കിടുന്നവന്റെ ആരോഗ്യവും ആയുസ്സും വർദ്ധിക്കുന്നതാണ്. തന്നെയുമല്ല കൊടുക്കുന്നതെല്ലാം മരണാനന്തരജീവിതത്തിൽ നിക്ഷേപമായും ദൈവപ്രീതിയായും ഭവിക്കും. അതിനാൽ കൊടുക്കുന്നത് ലാഭമാണ്. നഷ്ടമല്ല. തിരുവചനം മുന്നറിയിപ്പ് നൽകുന്നു. തോബിത് 4:16 "ദാനധർമ്മം ചെയ്യുന്നതിൽ മടികാണിക്കരുത്". കുഞ്ഞുമക്കൾക്ക് ചെയ്യാൻ സാധിക്കുന്ന കൊച്ചു നന്മപ്രവൃത്തികൾ ചെയ്ത് നമുക്കും മറ്റുള്ളവരെ സന്തോഷിപ്പിക്കാം.

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്"

മത്തായി 25:40

കവിത

# എന്റെ കുഞ്ഞുകാറ്റേ

മന്ന
സെന്റ് പീറ്റർ

കണ്ണിൽ പെടാത്തൊരു കാറ്റേ നിന്നെ
കണ്ടുമുട്ടാനെന്തു മാർഗ്ഗം?
തൊട്ടടുത്തുണ്ടു ഞാൻ കുഞ്ഞേ നിന്നെ
തൊട്ടുതലോടുന്നുമുണ്ടേ
കടലിനെ ശാന്തമാക്കിയ പൊന്നുകാറ്റേ
നിൻ കൂടെയിരിക്കാനെന്തു മോഹം
നിന്നമ്മതൻ ഉദരത്തിലെത്തിയ കാലം
തൊട്ടെ തഴുകിയുറക്കുന്ന കാറ്റല്ലെ ഞാൻ
തൊട്ടിലിലാട്ടിയ കാലം തൊട്ടെ
തൊട്ടറിഞ്ഞീലെ നീ എന്നെ
വീട്ടിനരുകിലെ വന്നു നിന്നെ ചുടുചുംബനം
തരുന്ന കാറ്റല്ലേ ഞാൻ
വീടിനകത്തും പുറത്തും നിന്നെ കാത്തു
സൂക്ഷിക്കുന്നത് ഞാനല്ലെ
സന്ധ്യക്കു പ്രാർത്ഥന ചൊല്ലുമ്പൊ
എന്നും നീ എന്നെ കാണുന്നു
ജപമാല ചൊല്ലുമ്പൊഴെന്നും
എത്തുന്നമ്മയും നിന്നരികിലെത്തും
കൂരിരുൾ തിങ്ങുമീ വഴികളിലെല്ലാം
വെളിച്ചമായ് ഞാനില്ലേ
എന്നിട്ടുമെന്നിട്ടും എന്നെ നീ തിരിച്ചറിഞ്ഞില്ലേ
എൻ പൊന്നു കുഞ്ഞേ.

## ഉപന്യാസം

ജിക്കോ
സെന്റ് പീറ്റർ



# യുവത്വം നവകേരള സൃഷ്ടിക്ക്

കുട്ടികളും, യുവാക്കളുമാണ് നാളെയുടെ പ്രതീക്ഷകൾ. യുവാക്കൾക്കാണ് പുതിയ പുതിയ ആശയങ്ങളും തീരുമാനങ്ങളും നടപ്പിലാക്കാൻ കഴിയുന്നത്. നവകേരള സൃഷ്ടിക്ക് യുവത്വം കൂടിയേ തീരു. ആ പ്രായം, ആ ഊർജ്ജം ഇതെല്ലാം പുതിയ പുതിയ ആശയങ്ങളുടെ കലവറയാണ്. ആ ആശയങ്ങളും മറ്റും നവകേരളസൃഷ്ടിക്ക് ഉപയുക്തമാകുന്നതാണ്. കേരളം രണ്ടു വർഷമായി പ്രളയത്തിന്റെ കയ്പേറിയ അനുഭവങ്ങൾ നേരിട്ടു കൊണ്ടിരിക്കുകയാണ്. നമ്മുടെ കേരളത്തിന്റെ റോഡുകളുടെയും പുഴകളുടെയും ഗതി മാറിയിരിക്കുന്നു. പ്രളയക്കെടുതികളിൽ കേരളം വീർപ്പുമുട്ടിയിരിക്കുകയാണ്. എന്നാൽ ഒരു കൂട്ടം യുവാക്കൾ അവരുടെ യുവത്വം പണയം വച്ചാണ് പ്രളയത്തിന്റെ ആ സമയങ്ങളിൽ കേരള ജനതയെ രക്ഷിക്കുന്നതിനുവേണ്ടി ഇറങ്ങിത്തിരിച്ചത്.

കേരളത്തിൽ പ്രളയം എന്ന ഒരു വലിയ ആപത്തുണ്ടായപ്പോൾ യുവാക്കളാണ് അവരെ രക്ഷിക്കുന്നതിനും സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനും ഇറങ്ങിതിരിച്ചത്. പ്രായഭേദമന്യേ കുട്ടികളെയും വൃദ്ധരെയും മദ്ധ്യവയസ്കരെയും മറ്റും സുരക്ഷയുടെ കേന്ദ്രങ്ങളിലേക്ക് കൈപിടിച്ചുയർത്തുവാൻ യുവാക്കൾ ഇറങ്ങിത്തിരിച്ചു. അവർക്കാവശ്യമായ ഭക്ഷണവും, വസ്ത്രവും മറ്റു അത്യാവശ്യ സാധനങ്ങളും വിവിധ സംഘടനകളുടെയും അഭ്യുദയകാംക്ഷികളുടെയും സഹായത്തോടെ ക്യാമ്പുകളിലെത്തിക്കുവാൻ യുവാക്കളാണ് ഇറങ്ങിതിരിച്ചത്. നമ്മുടെ ഇടവകയിലെ തന്നെ യുവസംഘടനകളായ സി.എൽ.സി., കെ.സി.വൈ.എം മുതലായ സംഘടകളിലെ ചുണക്കുട്ടന്മാരും കുട്ടികളും വിവിധതരത്തിലുള്ള പ്രളയനിവാരണ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങിയിരുന്നു. അവശ്യസാധനങ്ങളും, ഭക്ഷണവും മറ്റും ശേഖരിച്ച് സമയാസമയങ്ങളിൽ വിവിധ ക്യാമ്പുകളിൽ എത്തിച്ചു. ഭക്ഷണം കിട്ടാതെ വിശന്ന് ഇരിക്കുന്ന വൃദ്ധരായ മാതാപിതാക്കൾക്കും മറ്റും യുവാക്കൾ വലിയൊരു സമ്മാനമാണ് നല്കിയത്. അതിൽത്തന്നെ

സ്വന്തം വീടും കിടപ്പാടവും നഷ്ടപ്പെട്ടവരുണ്ടായിരുന്നു. എന്നിട്ടും അതൊന്നും നോക്കാതെ നല്ലൊരു കേരളം ഇനിയും ഉണ്ടാകണം എന്ന ചിന്തയോടെ ആപത്തുകളിൽ പെടുന്നവരെ സഹായിക്കണം എന്ന യേശുനാഥന്റെ ആഹ്വാനത്തെ മുറുകെ പിടിച്ചു മുന്നോട്ടു പോകുന്നവരാണ് ഇന്നത്തെ യുവാക്കൾ.

ഇന്ന് വളരെയേറെ സാമൂഹിക മാധ്യമങ്ങൾ യുവാക്കളെ പിടികൂടിയിട്ടുണ്ട്. എന്നാൽ ആപത്തുകളും അപകടങ്ങളും വരുമ്പോൾ അതിനുപുറകിൽ പോകാതെ തന്റെ സഹോദരീസഹോദരന്മാരാണ് അവരെല്ലാവരും എന്ന ഒരൊറ്റചിന്തയിൽ വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുന്നത് ഇന്നത്തെ യുവതീയുവാക്കളാണ്. സ്കൂളുകളിലും, കോളേജുകളിലും നടത്തപ്പെടുന്ന വിവിധ ക്യാംപുകളും മറ്റും യുവാക്കളെയും യുവതികളെയും വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങാൻ ധൈര്യം പകർന്നു കൊടുക്കുന്നുണ്ട്. എൻ.സി.സി. മുതലായ കോളേജുകളിലെ ക്യാംപുകൾ ഇതിന് ഉദാഹരണമാണ്.

ഇന്ന് പള്ളികളിലും മറ്റും ഏതൊരു തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും യുവാക്കൾ മുന്നോട്ട് വരുന്നുണ്ട്. യുവതീയുവാക്കൾ അവരുടെ കഴിവും ആരോഗ്യവും അതിനുവേണ്ടി ചിലവാക്കുന്നുണ്ട്. യുവാക്കളില്ലാതെ ഒരു തരത്തിലുള്ള പ്രവർത്തനങ്ങളും നടക്കില്ല എന്നുതന്നെ പറയാം. എല്ലാറ്റിന്റെയും പുറകിൽ യുവാവായ യേശുവിന്റെ ശക്തിയും ഊർജ്ജവുമാണ്. യുവതീയുവാക്കൾക്ക് ധൈര്യം പകരുന്നത്.

ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും തളരാതെ കൂടുതൽ ഊർജ്ജസ്വലരായി മുന്നേറാൻ യുവാക്കൾക്ക് ശക്തിപകരുന്നത് യേശുവിന്റെ പ്രവർത്തികളാണ്. ബാലനായ യേശു തന്റെ പിതാവിനെ സഹായിച്ചതുപോലെ ഓരോ യുവാവും സ്വന്തം മാതാപിതാക്കളേയും മറ്റു മാതാപിതാക്കളേയും സഹായിക്കാൻ മുന്നോട്ട് വരുന്നുണ്ട്. മാതാപിതാക്കൾക്ക് യുവാക്കളായ മക്കളിൽ വളരെയേറെ പ്രതീക്ഷകളുണ്ട്. അത് തെറ്റിക്കുന്ന ചില യുവാക്കളുണ്ട്. എന്നാൽ ഭൂരിഭാഗം മക്കളും അവരുടെ പ്രതീക്ഷകൾക്കൊത്ത് ജീവിച്ച് പോരുന്നവരാണ്.

ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ടാകുന്ന പരീക്ഷണങ്ങളിൽ അടിപതറാതെ മുന്നോട്ട് പോകാൻ യുവാക്കൾക്കാണ് സാധിക്കുക. അതിനുവേണ്ടി അവർ മറ്റൊന്നും ചിന്തിക്കാതെ പ്രയത്നിക്കുന്നു. അങ്ങനെ ഒരു നവകേരള സൃഷ്ടിക്കുവേണ്ടി യുവജനത ഒരുങ്ങിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കുകൊണ്ടും അവരുടെ പ്രയാസങ്ങൾ തങ്ങളുടേതു കൂടിയാണെന്ന ചിന്തയിൽ യുവാക്കൾ ഏതൊരു ആപത്ഘട്ടത്തേയും അതിജീവിക്കുന്നതിനായി തയ്യാറായിരിക്കുന്നു. അങ്ങനെ നല്ലൊരു നാളേയ്ക്കായി യുവജനത ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഇനിയും പുതിയ പുതിയ യുവതീയുവാക്കൾ നമ്മുടെ ഈ പ്രയത്നത്തിനായി വന്നുകൊണ്ടിരിക്കുകയാണ്. യുവാവായ യേശുവിനെ മാതൃകയാക്കി എല്ലാ പ്രവർത്തനങ്ങളും മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു.



യാത്രാവിവരണം

മേഗി ജോൺസൺ
സെന്റ് പീറ്റർ

# എനിക്ക് പറ്റിയ അമളി

അങ്ങനെ ആകാംക്ഷയോടെ ഞങ്ങൾ കാത്തിരുന്ന ആ ദിവസം എത്തിച്ചേർന്നു. ഞങ്ങളുടെ മെൽബൺ (ആസ്ട്രേലിയ) യാത്ര. എന്റെ രണ്ടാമത്തെ മകൻ മെൽബണിലാണ് താമസിക്കുന്നത്. അവൻ കുടുംബസമേതം അവിടെയാണ് താമസം. രണ്ടുമാസം അവിടെ താമസിക്കണം. ഈസ്റ്റർ മകന്റെ അടുത്ത് മെൽബണിൽ ആഘോഷിക്കണം. ഇതാണ് പ്ലാൻ. മലേഷ്യൻ എയർലൈൻസിലാണ് യാത്ര. ഞാൻ വലിയ സന്തോഷത്തിലാണ്. ഞാൻ ആദ്യമായി ഫ്ളൈറ്റിൽ യാത്ര ചെയ്യുകയാണ്. ബാംഗ്ലൂരിൽനിന്നാണ് ഞങ്ങളുടെ ഫ്ളൈറ്റ്. വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ ബാംഗ്ലൂർ എയർപോർട്ടിൽ എത്തി. എന്റെ മൂന്ന് മക്കളും എയർപോർട്ടിൽ ഉണ്ടായിരുന്നു. മെൽബണിൽ താമസിക്കുന്ന മകൻ ഞങ്ങളെ കൊണ്ടുപോകുവാൻ വന്നിരുന്നു. അങ്ങനെ ബാംഗ്ലൂർ എയർപോർട്ടിൽ നിന്ന് ഫ്ളൈറ്റ് സ്റ്റാർട്ട് ആയി. 12 hours യാത്രയാണ് മെൽബണിലേക്ക്. ഞങ്ങൾ ഫസ്റ്റ് ക്വാലാലംപൂരിലേക്ക് ഫ്ളൈറ്റ്. 4 മണിക്കൂർ യാത്ര. 12 മണിക്ക് ബാംഗ്ലൂരിൽനിന്ന് ഫ്ളൈറ്റ് പുറപ്പെട്ടു. 4 മണിക്കൂർ യാത്ര. വളരെ രസകരം. ക്വാലാലംപൂർ എത്തിയപ്പോൾ അവരുടെ സമയം 6.30 pm ആയി. രണ്ടരമണിക്കൂർ മുൻപാണ് അവരുടെ സമയം. എനിക്ക് വിൻഡോ സീറ്റ് ആയതിനാൽ ഞാൻ യാത്ര വളരെ ആസ്വദിച്ചു. ആദ്യത്തെ ഫ്ളൈറ്റ് യാത്ര. ഇനി 8 മണിക്കൂർകൂടി യാത്ര ചെയ്യണം. ഫുൾ യാത്ര കടലിന്റെ മേലെക്കൂടെ. ചേട്ടന് അല്പം പേടിയുണ്ട്. ഞാൻ ധൈര്യത്തിലായിരുന്നു. *ബാംഗ്ലൂർ ഡേയ്സ്* സിനിമ ഓർക്കുന്നുണ്ടോ? അതിൽ കല്പനയുടെ അമേരിക്കൻ യാത്രയുടെ ഒരു സീൻ ഉണ്ട്. എനിക്കത് ഓർമ്മ വന്നു. ബാംഗ്ലൂരിൽ നിന്ന് 4 മണിക്കൂർ യാത്രചെയ്ത് ക്വാലാലംപൂർ എയർപോർട്ടിൽ ഇറങ്ങിയപ്പോൾ എനിക്ക് ത്രിൽ ആയി. മോൻ കൂടെയുള്ളതുകൊണ്ട് നല്ല ധൈര്യം.

ഫ്ളൈറ്റിൽ നല്ല ഭക്ഷണമായിരുന്നു. ഏത് സമയവും ഭക്ഷണം കിട്ടി. അടുത്ത ഞങ്ങളുടെ ഫ്ളൈറ്റ് 8 pm ന് ക്വാലാലംപൂർ time. അങ്ങനെ 8 മണിയോടുകൂടി ഫ്ളൈറ്റിൽ കയറി. 8 മണിക്ക് ഫ്ളൈറ്റ് സ്റ്റാർട്ട് ചെയ്തു. ഫ്ളൈറ്റിൽ ഡിന്നറിനുള്ള സമയം. എല്ലാം ഭയങ്കര കൃത്യമായാണ്. എനിക്ക് വലിയ വിശപ്പൊന്നും തോന്നിയില്ല. എയർഹോസ്റ്റസുമാർ ഫുഡ് സപ്ലൈ തുടങ്ങി. എന്തൊക്കെ വേണം. എല്ലാതരം ഡ്രിങ്ക്സ്, ജ്യൂസ്, സ്നാക്സ്... നല്ല രസം തോന്നി. വൈൻ, ബിയർ ഒക്കെയുണ്ട്.

എയർഹോസ്റ്റസ് എന്റെ അടുത്തും എത്തി. എന്നെയൊന്ന് നോക്കി. ഞാൻ പറഞ്ഞു. "I need something hot". ഞാൻ ഇംഗ്ലീഷ് സംസാരിക്കാൻ തുടങ്ങിയിരുന്നു. നല്ല ത്രില്ലിൽ ആണല്ലോ. ഫുൾ ജാക്കറ്റ് ഡ്രസ്. നല്ല തണുപ്പ്. അപ്പോൾ എയർഹോസ്റ്റസ് 'യൂ നീഡ് ഹോട്ട്' എന്ന് തിരിച്ച് ചോദിച്ചു. ഞാൻ അപ്പോൾ "യെസ് യെസ്" എന്ന് തറപ്പിച്ചു പറഞ്ഞു.

എയർഹോസ്റ്റസ് പോയി അല്പം കഴിഞ്ഞ് തിരിച്ച് വന്നു. വണ്ടിയിലാണ് എല്ലാ സാധനങ്ങളും അവർ സപ്ലൈ ചെയ്യുന്നത്. എന്റെ അടുത്ത് എത്തി. എനിക്ക് എന്റെ ഡ്രിങ്ക്സ് അവർ തന്നു. ഞാൻ കുടിക്കാൻ ധൃതിയായിട്ട് കാത്തിരിക്കുകയാണ്. നല്ല തണുപ്പും. സാധനം (ഡ്രിങ്ക്) കയ്യിൽ കിട്ടിയപ്പോഴാണ് എനിക്ക് ബോധ്യമായത്. ഞാൻ പെട്ടെന്ന് പറഞ്ഞുപോയി "മൈ ഗോഡ്... നോട്ട് ദിസ്" ചേട്ടനും മോനും അപ്പോഴാണ് അറിയുന്നത് അമ്മയ്ക്ക് അമളി പറ്റിയെന്ന്. അത് മദ്യമായിരുന്നു. ഞാൻ വേഗം അത് തിരിച്ചുകൊടുത്തു. പിന്നെ ചമ്മിപ്പോയി. ഫ്ളൈറ്റിൽ മലയാളികൾ ഇല്ലാതിരിക്കില്ലല്ലോ. എനിക്ക് ആകെ നാണക്കേടായി. ഇന്നും എന്റെ മക്കളും ചേട്ടനും ഇതു പറഞ്ഞ് ചിരിക്കും. തലവേദന മാറാൻ ഒരു ഗ്ലാസ് ചുടുചായ വേണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്. പിന്നെ ഞാൻ ചമ്മിപ്പോയിയെന്ന് വേണം പറയാൻ പിന്നെ വിൻഡോ സീറ്റ് ആയതിനാൽ പുറത്തേക്ക് നോക്കി ഇരുന്നു. നേരം വെളുത്ത് 9 മണിക്ക് മെൽബണിൽ എത്തി. വളരെ സുന്ദരമായ സ്ഥലം. എയർപോർട്ട് കണ്ടേണ്ടതുതന്നെയാണ്. വലിയ ഡോഗ് ആണ് ബാഗ് ചെക്കിങ്ങ് ചെയ്യുന്നത്. ഒക്കെ എന്ത് രസം. ചമ്മിയത് ഓർക്കുമ്പോൾ നാണക്കേട്. എല്ലാവർക്കും ചിരിക്കാനായി. പിന്നെ ഞാൻ കല്പനയെ ഓർത്ത് കൺട്രോൾ ചെയ്തു. വളരെ സന്തോഷകരമായ ഈസ്റ്റർ! രണ്ട് മാസംകൊണ്ട് അവിടെ മകൻ കാണിക്കാത്ത സ്ഥലങ്ങളില്ല. വളരെ ജോളിയായിരുന്നു. Ocean drive എന്ന് പറഞ്ഞ് ഒരു യാത്രയുണ്ടായിരുന്നു. നമ്മുടെ 12 അപ്പസ്തോലന്മാരുടെ സ്തൂപങ്ങൾ അവിടെ കടലിൽ കാണാം. അങ്ങനെ അങ്ങനെ ഒരുപാട്.... ഭാഗ്യം തുണയ്ക്കുകയാണെങ്കിൽ അടുത്ത വർഷവും പോകും ഞങ്ങൾ. ■

# സ്നേഹസ്മരണയ്ക്ക്

37-ാം ചരമവാർഷികം



താണിക്കൽ കോടങ്കണ്ടത്ത് ഔസേഫ്

**അന്തോണി**

ജനനം : 25.01.1922
മരണം : 28.02.1984



പ്രാർത്ഥനകളോടെ..
ആന്റോ കോടങ്കണ്ടത്ത് & ഫാമിലി

7-ാം ചരമവാർഷികം



താണിക്കൽ കോടങ്കണ്ടത്ത് അന്തോണി ഭാര്യ

**മേരി**

ജനനം : 01.10.1925
മരണം : 16.03.2014

ഹോളി ഫാമിലി യൂണിറ്റ്

# Sangeerthanam Tower

Events Hall





PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകയ്ക്ക് നൽകുന്നു.

**Sangeerthanam Tower**

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

# 9-ാം ചരമവാർഷികം



## കോമ്പാറ
## റപ്പായി ലോനപ്പൻ

അയ്യന്തോൾ

ജനനം : 13.09.1933
മരണം : 08.02.2012

വേർപാടിന്റെ വേദനയുമായി
കുടുംബാംഗങ്ങൾ

## 6-ാം ചരമവാർഷികം

06.02.2021



### നായങ്കര (ചാണ്ടി) അന്തോണി മകൾ

# റോസ

ജനനം : 10.07.1926 മരണം : 06.02.2015

പ്രാർത്ഥനാപൂർവ്വം
കുടുംബാംഗങ്ങൾ

കവിത

# "ഊണിന്റെ മേളം"

നസ്നീൻ തോമസ്
ലിറ്റിൽ ഫ്ളവർ



കുറിയരി വെച്ചു-
വെളുത്തൊരു ചോറും
കറികളുമാശുവിളമ്പി നിരന്നു
നറുനെയ് ശർക്കര നേന്ത്രപഴവും
ചെറുപപ്പടമൊരു
പത്തിരുന്നൂറും
ആനച്ചുവടൻ
പപ്പടമൊരുവക
തേനും നല്ലൊരു
പഞ്ചാരപ്പൊടി
ചേനക്കറിച്ചില
പച്ചടികിച്ചടി
പാനകമൊരുവക
നാരങ്ങാകറി
മാങ്ങാപച്ചടി ഇഞ്ചിപച്ചടി
ചേന വറുത്തും പയറുവറുത്തും
ചക്കപ്രഥമനടപ്രഥമൻ
വിധമൊക്കെ പറവാൻ നേരം പോര.

അരണാട്ടുകര തോപ്പിൻ
മൂലക്ക് സമീപം 10 സെന്റ് സ്ഥലം
മുഴുവനായോ, മുറിച്ചോ
വിൽപ്പനയ്ക്ക് 140 അടി
Frontage, വറ്റാത്താ കിണർ.

Contact : 0487 2385550

## ചെറുകഥ

മേഫി ഡെൽസൺ
ലിറ്റിൽ ഫ്ളവർ



# ജീവന്റെ തുടിപ്പുകൾ

ഒരിടത്ത് ഒരു അനാഥപെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ നയനമനോഹരമായ കണ്ണുകൾ ഒരു വലിയ കഥ തന്നെ പറയുമായിരുന്നു. അവളുടെ അനാഥത്വം വിളിച്ചോതുന്നതായിരുന്നു അവളുടെ ആ കണ്ണുകൾ തന്നെ! അവളുടെ പേര് മിന്നു എന്നാണ്. ക്രൈസ്റ്റ് വില്ല എന്ന ഓർഫണേജിലെ ഒരു പാവം ബാലിക.

ഒരു ദിവസം മിന്നു, പട്ടണത്തിൽ അവളുടെ മേധത്തിന്റെ കൂടെ യാത്രപോയി. തത്സമയം അവൾ ബസ്സിൽ ഒരു ഫാമിലിയെ കാണാൻ ഇടയായി. അമ്മയും അച്ഛനും രണ്ട് കുട്ടികളും അടങ്ങുന്നതായിരുന്നു ആ ഫാമിലി. അവരുടെ ആ യാത്രയിലെ സംസാരവും സന്തോഷവും മിന്നുവിന്റെ കൺകൾ ഇമവെട്ടാതെ നോക്കിയിരുന്നു. മിന്നുവിന്റെ ഈ കൗതുകം നിറഞ്ഞ നോക്കൽ ബസ്സിലെ മിന്നുവിന്റെ സീറ്റിന്റെ നേരെയുള്ള സീറ്റിലെ ഒരു ആന്റി നോക്കിയിരിക്കുകയാണ്. ആ ഫാമിലിയുടെ സന്തോഷം മിന്നുവിന്റെ മനസ്സിൽ പിന്നെ കണ്ണുകളിൽ ഈറൻ അണിയിച്ചു. ആന്റി മിന്നുവിന്റെ കണ്ണ് നിറയുന്നത് കണ്ടു. അപ്പോൾ ആന്റി അവളുടെ മുഖത്തേക്ക് നോക്കി ഒന്ന് പുഞ്ചിരിച്ചു. അവൾക്ക് അറിയില്ല

ആ ആന്റിയെ. എന്നാലും അവൾ അവർക്കുനേരെ പ്രത്യാശയുടെ ഒരു മന്ദസ്മിതം നൽകി. ആന്റി ആംഗ്യഭാവത്തോടെ അവളോട് ചോദിച്ചു, എന്തിനാ കരയുന്നത് എന്ന്. അവൾ പിന്നെയും ആ ഫാമിലിയുടെ സീറ്റിലേക്ക് നോക്കി. എന്നിട്ട് താഴേക്ക് കുനിഞ്ഞിരുന്നു. അപ്പോൾ ആ ആന്റിക്ക് ഏകദേശം കാര്യങ്ങൾ പിടിപാടായി. അവൾ ആരും ഇല്ലാത്തവൾ ആണ്, അനാഥത്തിന്റെ ഭാരം പേറുന്നവളാണ് എന്ന്.

ആ ആന്റിയും ഒരു അനാഥയായിരുന്നു. ഒരു അനാഥയ്ക്ക് മറ്റൊരു അനാഥയുടെ വിഷമം മനസ്സിലാക്കാൻ അധികം സമയം വേണ്ടല്ലോ!!!

അത്രയ്ക്കും അരോചകമാണ് അനാഥത്വം.

ആ ആന്റി അവൾ ബസ്സ് ഇറങ്ങിയ സ്ഥലത്തുതന്നെ ബസ്സ് ഇറങ്ങി. അവളുടെ കൂടെയുള്ള മാഡത്തിനോട് വിശേഷങ്ങൾ തിരക്കി. മേൽവിലാസവും ഫോൺനമ്പറും തിരക്കി മേടിച്ചു. രണ്ടുപേരും അവരവരുടെ കാര്യങ്ങൾക്ക് യാത്രയായി.

എന്നാൽ ആന്റിയുടെ മനസ്സ് വളരെയധികം വിങ്ങിയിരുന്നു. ആന്റി എന്നും ഒരനാഥയാണ്. വലിയ കമ്പനിയിൽ ജോലിയും വിദ്യാഭ്യാസവും ഉണ്ടായിരുന്നു. ആരുടെയൊക്കെയോ സഹായത്താൽ വിവാഹജീവിതത്തിലേക്ക് കാൽ എടുത്തുവച്ചു എങ്കിലും അധികം നാൾ അത് നീണ്ടുനിന്നില്ല. അതെ, 2 വർഷം. അത്രയേ ആ ആന്റിയുടെ വിവാഹജീവിതം ഉണ്ടായിരുന്നത്. ഭർത്താവ് ഒരു കാർ ആക്സിഡന്റിൽ മരിച്ചു. ഗർഭിണിയായ ആന്റി ഭർത്താവിന്റെ മരണത്തിൽ ഡിപ്രഷൻ എന്ന രോഗത്തിന് അടിമയായി. അതിന്റെ പശ്ചാത്തലത്തിൽ ബ്ലഡ് പ്രഷർ ഹൈ ആയി എട്ടുമാസം പ്രായമുള്ള ഗർഭസ്ഥശിശുവിനെ ആന്റിക്ക് നഷ്ടപ്പെടുകയും ചെയ്തു.

പിന്നീട് ആന്റിയുടെ യാത്ര അങ്ങോട്ട് തനിച്ചായിരുന്നു. മിന്നുവിനെ കണ്ടപ്പോൾ ആന്റിക്ക് മനസ്സിൽ ജീവന്റെ തുടിപ്പുകൾ ഉണ്ടായി. മിന്നു തന്റെ ആരൊക്കെയോ ആണെന്ന തോന്നൽ ആന്റിക്ക് ഉണ്ടായി. അങ്ങനെ ആന്റി മിന്നുവിനെ അന്വേഷിച്ച് ഓർഫണേജിലേക്ക് യാത്രയായി. എല്ലാ കാര്യങ്ങളും അവിടുത്തെ മേട്രനോട് പറഞ്ഞു. മിന്നുവിനെ തന്റെ മകളെപ്പോലെ കാണാൻ സാധിക്കും. എന്നും അവൾക്ക് യാതൊരു കുറവും വരാതെ നോക്കാമെന്നും എല്ലാ സ്വത്തുക്കളും അവളുടെ പേരിൽ എഴുതാം എന്നും പറഞ്ഞു. അവൾക്ക് സമ്മതം ആണെങ്കിൽ ആ ജീവന്റെ തുടിപ്പായ കുഞ്ഞുബാലികയെ എനിക്ക് തരണം എന്ന് ആന്റി മേട്രനോട് കെഞ്ചി ചോദിച്ചു. അവളുടെ അനുവാദത്തിനായി കാത്തുനിന്നു. അവൾക്ക് ആന്റിയെ അത്രയ്ക്ക് അധികം ബോധിച്ചു.

നിയമപരമായ എല്ലാ രേഖകളും സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒരു മാസം കഴിഞ്ഞപ്പോൾ ആന്റി ഓർഫനേജിൽ വന്ന് മിന്നുവിനെ കൂട്ടിക്കൊണ്ടുപോയി. രണ്ട് അനാഥരായവർക്ക് താങ്ങും തണലും ജീവന്റെ തുടിപ്പും എല്ലാം നല്ലവനായ ദൈവം നൽകി; ആ ജന്മങ്ങളെ ദൈവം അനുഗ്രഹിച്ചു. അങ്ങനെ ആരും ഇല്ലാത്തവർക്ക് ദൈവം തുണയുണ്ടാകുന്ന ഒരു കഥാസന്ദർഭം ഇവിടെ ആവിഷ്കരിച്ചു.

മിന്നുമോൾക്കും ആന്റിക്കും ജീവന്റെ പുതുനാമ്പുകൾ ഉതിർന്ന് വരികയും ചെയ്തു.

# ഞങ്ങൾ വരവായി

| റജി നമ്പർ | പേര്, വിലാസം |
|---|---|
| 01.2021–10.10.2020 | ചിറ്റിലപ്പിള്ളി മേജോ സി.ജെ. & ജോൺസി ജോൺസൻ മകൾ അൽഫോൻസ (എയ്തൽ റോസ്) മാമ്മോദീസ – 10.01.2021 |
| 02.2021–11.03.1982 | സജീഷ് ഭവൻ ശശിധരൻ & ശാന്ത മകൾ അന്ന (സ്വപ്നമോൾ എസ്.എസ്.) മാമ്മോദീസ – 14.01.2021 |
| 03.2021–26.12.2024 | പറപ്പുള്ളി ഷൈജു വർഗീസ് & സ്വപ്നമോൾ എസ്.എസ്. മകൾ ജുവൽമേരി (ജുവൽ ആൻ ഡ്രൂസ്) മാമ്മോദീസ – 14.01.2021 |
| 04.2021–21.10.2020 | കല്ലൂക്കാരൻ ഷൈൻ കെ.എസ്. & അമിത അജ യൻ മകൾ ബേബി മരിയ (മിലാഷ കെ.എസ്.) മാമ്മോദിസ – 23.01.2021 |
| 043.2019–29.10.2019 | കൊള്ളന്നൂർ സെബാസ്റ്റ്യൻ (ജീവ്) & മരിയ (അഞ്ജു) മകൻ ജോണി (ജോണി ജീവ്) മാമ്മോദീസ – 28.12.2019 |
| 50.2020–04.09.2020 | പൊറത്തൂർ ലിംസൺ ഔസേഫ് & ജിൻസി ആന്റോ വടക്കേത്തല മകൾ മിഷേൽ മേരി മാമ്മോദീസ – 27.12.2020 |
| 03.2021–25.07.2020 | കൈപറമ്പിൽ ജോയൽ & നീതു മകൻ ജോർജ് (എറിക് ജോർജ് ജോയൽ) മാമ്മോദീസ – 03.01.2021 |

# അവർ യാത്രയായി

| | |
|---|---|
| 18.01.2021 | പുലിക്കോട്ടിൽ ഐപ്പുരു ബേബി (75) – (ഹോളി ട്രിനിറ്റി യൂണിറ്റ്) |
| 22.01.2021 | അറയ്ക്കൽ വേലൂക്കാരൻ പൊറിഞ്ചു ഡേവിഡ് (82) – സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് |

| | |
|---|---|
| 10.01.2021 | അയ്യന്തോൾ ഇടവക, കുറ്റിക്കാട്ടിൽ രാജൻ & ജീന മകൻ ചാൾസ് രാജൻ<br>കണ്ണാറ ഇടവക, ഇളവുംതറയിൽ സണ്ണി & ലില്ലി മകൾ ലിന്നി സണ്ണി |
| 18.01.2021 | അയ്യന്തോൾ ഇടവക, പറപ്പുള്ളി വറീത് & ആഗസ്തീന മകൻ ഷൈജു വർഗീസ്,<br>അയ്യന്തോൾ സജീഷ് ഭവൻ ശശിധരൻ & ശാന്ത മകൾ സ്വപ്നമോൾ എസ്.എസ്. |
| 30.12.2020 | അയ്യന്തോൾ ഇടവക തോപ്പിൽ ജോസ് സെബാസ്റ്റ്യൻ & നീന മകൾ അനിറ്റ<br>മരിയാപുരം ഇടവക തറയിൽ ടോമി & അനീറ്റ മകൻ ജോർജ്ജ് ടോമി |
| 07.01.2021 | അയ്യന്തോൾ ഇടവക ചിറ്റിലപ്പിള്ളി വിൻസന്റ് & ലീമ മകൾ സിജി,<br>പേരൂർ ഗ്ലോബൽ മർത്തശ്മൂനി ഇടവക കോയ്പുറത്ത് എബ്രഹാം ജോർജ് & ഷേർളി ജോർജ് മകൻ അശ്വിൻ മാത്യു ജോർജ് സി. |
| 18.01.2021 | അയ്യന്തോൾ ഇടവക കരേരക്കാട്ടിൽ തോമസ് & മരീന മകൾ അക്വീല,<br>തൃശൂർ സെന്റ് ആൻസ് ഇടവക പടിക്കല ജോസ് & ലവ്‌ലി മകൻ ഫ്രെഡി ജോസ് |
| 18.01.2021 | അയ്യന്തോൾ ഇടവക കരേരക്കാട്ടിൽ തോമസ് & മരീന മകൾ ദാനിയ,<br>പോന്നോർ ഇടവക ചിറ്റിലപ്പിള്ളി വിൻസൻ & വൽസ മകൻ ഡെൽവിൻ സി.വി. |

## [illegible]

| | |
|---|---|
| 28.12.2020 | കൊമ്പൻ നെല്ലിശ്ശേരി ഔസേഫ് മകൻ പോൾസൻ & കുടുംബം (സെന്റ് പോൾസ് യൂണിറ്റ്) - അരിമ്പൂർ ഇടവക |
| 30.12.2020 | ബ്രഹ്മകുളത്ത് തെക്കത്ത് അന്തോണി മകൻ ജോയ്സൺ & കുടുംബം (മഡോണ യൂണിറ്റ്) - സെന്റ് ഇഗ്നേഷ്യസ് ചർച്ച്, മണലൂർ (ഈസ്റ്റ്) |
| 31.12.2020 | ചിറയത്ത് ചേളിപറമ്പിൽ ജോർജ്ജ് ഭാര്യ ബേബി & കുടുംബം (സെന്റ് പീറ്റർ യൂണിറ്റ്) - ചേറ്റുപുഴ ഇടവക |
| 08.01.2020 | ചിരിയങ്കണ്ടത്ത് ആന്റോ മകൻ റോഷൻ ആന്റോ & കുടുംബം (സെന്റ് മേരീസ് യൂണിറ്റ്) - കാസവനഹള്ളി (മാണ്ഡ്യ രൂപത) |
| 17.01.20201 | ആട്ടോക്കാരൻ ദേവസ്സി മകൻ മിഥുൻ (ലാസർ സേവ്യർ) & കുടുംബം (സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്) ലിറ്റിൽ ഫ്ളവർ ചർച്ച് എളംകുളം (എറണാകുളം - അങ്കമാലി രൂപത) |




ക്വിസ് മാസ്റ്റർ :
**സി. റെജിൻ റോസ്** CHF

## 2021 ഫെബ്രുവരി മാസത്തെ ബൈബിൾ ക്വിസ്

**1 കൊറി. 9-12**

1. കായികാഭ്യാസികൾ എല്ലാ കാര്യത്തിലും പാലിക്കുന്നത് എന്ത്?
2. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് സംഭവിക്കുന്നത് എന്താണ് എന്നാണ് വി. പൗലോസ് പറയുന്നത്?
3. എന്നിൽനിന്ന് ഓടിയകലാനാണ് നമ്മോട് ആഹ്വാനം ചെയ്യുന്നത്?
4. ബലിപീഠത്തിലെ ഭാഗഭാഗിത്വം ആർക്ക്?
5. നിങ്ങൾ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ എന്തിനുവേണ്ടി ചെയ്യാനാ

ണ് ആവശ്യപ്പെടുന്നത്?

6. ക്രിസ്തുവിന്റെ ശിരസ്?
7. ദൈവത്തിന്റെ പ്രതിച്ഛായയും മഹിമയും ആര്?
8. വിധേയത്വത്തിന്റെ പ്രതീകം?
9. യേശു കർത്താവാണെന്ന് പറയാൻ ............. മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല.
10. ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുന്നത് എന്തിനു വേണ്ടി?

## 2021 ജനുവരി മാസത്തെ ക്വിസ് ശരിയുത്തരങ്ങൾ

പ്രഭാ. 18:28

| | |
|---|---|
| 1. | നല്ല വാക്ക് |
| 2. | വിദ്വേഷത്തോടെയുള്ള ദാനം |
| 3. | അധമവികാരങ്ങളിൽ ആനന്ദിച്ചാൽ |
| 4. | വ്യർത്ഥഭാഷണത്തെ വെറുക്കുന്നവൻ |
| 5. | ദൈവഭക്തിയിൽ |
| 6. | ദൈവഭയമുള്ള ബുദ്ധിഹീനൻ |
| 7. | വേഷം, ചിരി, നടപ്പ് |
| 8. | കർത്താവിനെ തേടുന്ന ദീർഘക്ഷമ |
| 9. | പരദൂഷകൻ |
| 10. | ബുദ്ധിമാന്റെ ജ്ഞാനം |

## 2021 ജനുവരി മാസത്തെ ശരിയുത്തരം അയച്ചവർ

1. ഫ്രാങ്കോ ആന്റണി ഇമ്മാനുവൽ - ക്രിസ്തുരാജ യൂണിറ്റ്
2. അപർണ്ണ ജോസ് - ലിറ്റിൽ ഫ്ളവർ യൂണിറ്റ്
3. ജോസഫീന ജോയ് - സെന്റ് മേരീസ് യൂണിറ്റ്
4. റോസി ജോസ് - സെന്റ് സേവ്യർ യൂണിറ്റ്
5. ആനി വിൽസൻ - സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
6. ബിന്ദു സത്യനേഷ് - സെന്റ് ജോൺ യൂണിറ്റ്
7. ശാന്ത ആന്റണി - മഡോണ യൂണിറ്റ്

നറുക്കെടുപ്പിലൂടെ സമ്മാനത്തിനർഹയായത്
**ആനി വിൽസൻ**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

## ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
മാർച്ച് 5-ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



"മക്കളെ കളി നിർത്തൂ ഓൺലൈൻ
ക്ലാസ്സ് തുടങ്ങാറായി."

**ബിന്ദു സത്യനേഷ്**
സെന്റ് ജോൺസ് യൂണിറ്റ്



2,00,000+
സംതൃപ്ത കുടുംബങ്ങൾ
Chavara Matrimony.com
World's No.1 Christian Matrimonial
വിവാഹം
ദൈവഹിതം പോലെ
5 ലക്ഷം+ ക്രിസ്ത്യൻ പ്രൊഫൈലുകൾ
23 വർഷത്തെ സേവനപാരമ്പര്യം
1 ലക്ഷം+ വിവാഹങ്ങൾ
CHAVARA FAMILY WELFARE CENTRE
H.O. Chavara Cultural Centre, Kochi
25 BRANCHES IN KERALA, BANGALORE, COIMBATORE, MUMBAI & DELHI
THRISSUR 99957 77570
Fr. Roby Kannanchira CMI
(Director)
Johnson C. Abraham
(Executive Director)
FREE
30
DAYS
99 6174 44 44
04844080333
1800 103 4080




HYGIENE + SERIES

Antibacterial | 100% Virgin | 10 Years Warranty | 4 Layer Tank
Most Modern Designs | QC Inspected, Tested and Sealed

HYGIENE + SERIES

**OCEAN POLYMER TECHNOLOGIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.oceangroup.net.in • email: enquiry@oceangroup.net.in

**FOR TRADE ENQUIRIES**
**CALL: 0487- 2202787**
CUSTOMER CARE : 8137009888